**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1325 — 08.02.2013 ൽ മറുപടിയ്ക്ക്

## സപ്ലൈകോ ഭക്ഷ്യവസ്തുക്കളുടെ വിലവർദ്ധന

**ചോദ്യം**

ശ്രീ. എം.ചന്ദ്രൻ :

എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സപ്ലൈകോ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കളുടെ വില വർദ്ധിപ്പിക്കുക യുണ്ടായോ;

ബി) എങ്കിൽ ഏതെല്ലാം വസ്തുക്കൾക്ക് എത്ര തുകയാണ് വർദ്ധിപ്പിച്ചത് ;

സി) ഏതെല്ലാം ഭക്ഷ്യ വസ്തുക്കളുടെ സബ്സിഡി നിർത്തലാക്കിയെന്ന് വെളിപ്പെടുത്താമോ ; ഇതു മൂലം എത്ര തുകയാണ് ഓരോ ഇനത്തിലും ഉപഭോക്താക്കൾ അധികം നൽകേണ്ടി വരുന്നത് ;

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

എ) യും ബി) യും സി) യും

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മാവേലിസ്റ്റോറുകളിൽ വിൽപ്പന കുറവായ ഉലുവ, കടുക്, ജീരകം, പീസ് പരിപ്പ്, ഉഴുന്ന് പരിപ്പ്, ബോധന അരി എന്നിവയെ സബ്സിഡി ഇനങ്ങളിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. മാവേലി സ്റ്റോറുകളിൽ കൂടുതൽ വിൽപ്പനയുള്ള ജയ അരി, കുറുവ അരി, പച്ചരി, മട്ട അരി, വെളിച്ചെണ്ണ എന്നീ നിത്യോപയോഗ സാധനങ്ങൾ സബ്സിഡി ഇനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സബ് സിഡി ഒഴിവാക്കിയ ഇനങ്ങൾ ഇപ്പോഴും പൊതുവിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിലാണ് വിൽപ്പന നടത്തി വരുന്നത്. ഈ സർക്കാർ അധികാരത്തിൽ വരുന്ന സമയത്തുണ്ടായിരുന്ന സബ്സിഡി നിര ക്കിൽ വിതരണം ചെയ്തിരുന്ന സാധന ങ്ങളുടെ ഇപ്പോഴത്തെ വിലവിവരവും, 2011 മെയ് മാസത്തിലെ വില വിവരവും താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | 5/2011-ലെ വില കി.ഗ്രാമിന് | 1/2013-ലെ വില കി.ഗ്രാമിന് |
|---|---|---|---|
| 1 | ചെറുപയർ | 28.00 | 49.00 |
| 2 | ഉഴുന്ന് (ബോൾ) | 36.00 | 36.00 |
| 3 | ഉഴുന്ന് (പിളർന്നത്) | 31.00 | 45.50 |
| 4 | വൻകടല | 20.00 | 44.00 |
| 5 | വൻപയർ | 26.50 | 26.50 |
| 6 | തുവരപരിപ്പ് | 34.00 | 34.00 |
| 7 | പീസ്പരിപ്പ് | 18.00 | 33.60 |
| 8 | മുളക് | 45.00 | 45.00 |
| 9 | മല്ലി | 66.00 | 45.90 |
| 10 | ജീരകം | 96.00 | 177.20 |
| 11 | കടുക് | 22.00 | 54.90 |
| 12 | ഉലുവ | 28.00 | 41.00 |
| 13 | പഞ്ചസാര | 25.00 | 25.00 |
| 14 | സോർട്ടക്സ് പച്ചരി | 16.00 | 16.00 |
| 15 | സോർട്ടക്സ് മട്ട അരി | 16.00 | 16.00 |
| 16 | സോർട്ടക്സ് ബോധന അരി | 16.00 | 25.90 |
| 17 | വെളിച്ചെണ്ണ (1 ലറ്റർ) | 108.00 | 62.00 |

ഡി) നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധന അതിരൂക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സപ്ലൈകോ വഴി വിതരണം ചെയ്യുന്ന സാധനങ്ങൾക്ക് വർദ്ധിപ്പിച്ച വില കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഡി) മാവേലി സ്റ്റോറുകളിൽ താരതമ്യേന വില്പന കുറവായ ഉലുവ, കടുക്, ജീരകം, ഉഴുന്ന് പിളർന്നത്, ബോധന അരി എന്നീ ഇനങ്ങളെ സബ്സിഡിയിൽ നിന്നും ഒഴിവാക്കുകയും പകരം കൂടുതൽ വില്പനയുള്ള ജയ അരി, കുറുവ അരി, പച്ചരി, വെളിച്ചെണ്ണ തുടങ്ങിയ ഇനങ്ങളെ സബ്സിഡി ഇനങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്തു. സബ്സിഡിയിൽ നിന്നും ഒഴിവാക്കിയ ഇനങ്ങൾ ഇപ്പോഴും പൊതുവിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിലാണ് വിതരണം നടത്തുന്നത്.

Beenau

സെക്ഷൻ ഓഫീസർ